UNIVERSITY OF KERALA
कर्मणि व्यज्यते प्रज्ञा

# കളരി

ജൂൺ 2016

കേരള സർവകലാശാലയിലെ മാധ്യമ പഠന വിഭാഗം പ്രസിദ്ധീകരിക്കുന്ന പരിശീലന പത്രം

**ഗസ്റ്റ് എഡിറ്റോറിയൽ**

## അഭിമാനം കൈവിടാതെ കടമകൾ നിറവേറ്റുക



സുഗതകുമാരി

പുതിയൊരു മന്ത്രിസഭ അധികാരത്തിലെത്തിയിരിക്കുന്നു. എന്റെ പ്രതീക്ഷ സ്ത്രീ സുരക്ഷയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ഒരു മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളായ ശുദ്ധജലം, ശുദ്ധവായു, മായം കലരാത്ത ഭക്ഷണം എന്നിവയും ഉറപ്പാക്കണം

കൃഷി എന്നത് മനുഷ്യനെയും മണ്ണിനെയും ബന്ധിപ്പിക്കുന്ന കണ്ണിയാണ്. എന്നാൽ ഇന്ന് കൃഷി എന്നത് വ്യവസായം മാത്രമായി മാറി. വികസനമെന്ന പേരിൽ വയൽ നികത്തലും കുന്നിടിക്കലുമാണ് നടക്കുന്നത്. ഇത്തരത്തിലുള്ള മനുഷ്യന്റെ ചെയ്തികളുടെ ഫലമാണ് കൊടിയചൂടും കുടിവെള്ള ക്ഷാമവും.എങ്കിൽ പോലും മനുഷ്യർ പഠിക്കുന്നുണ്ടോ?

പ്രകൃതിയെ ചൂഷണം ചെയ്തു മടുത്തിട്ടാകണം മനുഷ്യൻ ഇന്ന് സ്ത്രീകളിലേക്ക് ശ്രദ്ധ തിരിച്ചത്. അമ്മയെയും പെങ്ങളെയും തിരിച്ചറിയാൻ കഴിയാത്തവിധം മനുഷ്യൻ സാംസ്കാരികമായി അധഃപതിച്ചിരിക്കുന്നു. സാങ്കേതിക വിദ്യകൾ അരങ്ങുവാഴുന്ന ഇക്കാലത്ത് ബോധവല്കരരണ ക്ലാസ്സുകൾക്കോ പരിശീലന പരിപാടികൾക്കോ പ്രാധാന്യമില്ലാതെ വന്നിരിക്കുന്നു. പെൺകുട്ടികൾക്ക് വിദ്യഭ്യാസത്തോടൊപ്പം ആയോധന പരിശീലനവും നൽകണമെന്ന സ്ഥിതിയിലാണ് ഇന്ന് നമ്മുടെ സമൂഹം എത്തി നിൽക്കുന്നത്. സ്വാർഥതയും ഹൃദയശൂന്യതയും അധികാരികളുടെ കൊടിയ അനാസ്ഥയുമാണ് സ്ത്രീ സുരക്ഷ നേരിടുന്ന വെല്ലുവിളികൾ.

ജാതികൾക്കും മതങ്ങൾക്കും അതീതമായി സാമ്പത്തികാടിസ്ഥാനത്തിലുള്ള സംവരണം വരേണ്ട കാലമായി. മാറി മാറി വരുന്ന സർക്കാരുകൾ ന്യൂനപക്ഷ പ്രീണനത്തിന് ശ്രമിക്കുന്നതാണ് കേരളത്തിൽ വർഗീയത വളരുവാൻ കാരണമായത്. ഈ സർക്കാർ ഇതാവർത്തിക്കാതിരിക്കട്ടെ എന്ന് നമുക്ക് പ്രതീക്ഷിക്കാം.

നമ്മുടെ സമൂഹത്തെ രക്ഷിക്കുവാൻ യുവതലമുറയ്ക്ക് മാത്രമേ സാധ്യമാകുകയുള്ളു എന്നാണ് എന്റെ ഉറച്ച വിശ്വാസം. അഭിമാനമുള്ളവരായി വളരുക, നിങ്ങൾക്ക് ചെയ്യാൻ ഉള്ളത് നിങ്ങൾ തന്നെ ചെയ്യുക ഇത്രമാത്രമേ എനിക്ക് പറയാനുള്ളൂ.




# പുതിയ ഭരണം പ്രതീക്ഷകൾ

ധന്യ എസ് നായർ
റമീസ് കെ
ദീപ്തി രഞ്ജിത്ത്

*തിരു: രണ്ടു കോടിയിലേറെപ്പേർ വിധിയെഴുതിയ തിരഞ്ഞെടുപ്പിലൂടെ ദശാബ്ദങ്ങളായി തുടരുന്ന അധികാരത്തിന്റെ ഒന്നിടവിട്ട ആവർത്തനം ഇത്തവണയും പ്രഖ്യാപിച്ച കേരളം, ബി ജെ പി യുടെ നിയമസഭാ പ്രവേശത്തിലൂടെ ചരിത്രം തിരുത്തുകയും ചെയ്തു.എൽ ഡി എഫ് വരും എല്ലാം ശരിയാകും എന്ന പ്രചാരണ വാക്യം ജനഹൃദയങ്ങളിൽ പ്രതീക്ഷയായി വളരുകയും അത് സാർഥകമാക്കാനുള്ള അവസരമെന്നോണം അവർ എൽ ഡി എഫിനെ മികച്ച ഭൂരിപക്ഷം നൽകി വിജയിപ്പിക്കുകയും ചെയ്തിരിക്കുന്നു.എല്ലവർക്കും തുല്യനീതിയും സമഗ്ര വികസനവും വാഗ്ദാനം ചെയ്ത് അധികാരത്തിലെത്തിയ പുതിയ സർക്കാരിനെക്കുറിച്ചുള്ള ജനങ്ങളുടെ പ്രതീക്ഷകൾ എന്തൊക്കെയാണ് ? 'കളരി ടീം' തിരുവനന്തപുരം ജില്ലയിൽ നടത്തിയ സർവ്വേയിലെ അഭിപ്രായങ്ങൾ...*



**ഡി അമ്മിണിക്കുട്ടി അമ്മ,റിട്ട.ഗവൺമെൻറ് ഹൈസ്കൂൾ അദ്ധ്യാപിക, കരമന**

കക്ഷി രാഷ്ട്രീയ ഭേദമന്യേ സമത്വ സുന്ദരമായ നവ കേരളം പടുത്തുയർത്തുമെന്നുള്ളതാണ് പുതിയ സർക്കാരിനെക്കുറിച്ചുള്ള എന്റെ പ്രതീക്ഷ.അക്രമവും അഴിമതിയുമില്ലാത്ത നല്ല ഭരണം കാഴ്ചവെയ്ക്കുക എന്നതായിരിക്കണം സർക്കാരിന്റെ നയം. സ്ത്രീകൾക്കും കുട്ടികൾക്കും പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തണം. ഡി എ കുടിശ്ശിക,പെൻഷൻ തുടങ്ങിയവ കാലതാമസമില്ലാതെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.വിദ്യാഭ്യാസം, തൊഴിൽ,കല,സാഹിത്യം,സാംസ്കാരികം എന്നീ മേഖലകളിലും കാര്യമായ മാറ്റങ്ങൾ വരേണ്ടതാണ്.പ്രചാരണ സമയത്തെ ആവേശഭരിതമായ വാഗ്ദാനങ്ങൾ വെറും വാക്കുകളായി മാറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**മായാ ദേവി,സ്പെഷ്യൽ പോലീസ് ഓഫീസർ(ട്രാഫിക്), കാര്യവട്ടം**



പല വകുപ്പുകളിലും ദിവസവേതനത്തിൻറെ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുമ്പോൾ ട്രാഫിക് വാർഡൻമാരെയും പരിഗണിക്കുക.സുഗമമായി ജോലി ചെയ്യാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ശമ്പള വർദ്ധനവ് നടപ്പിലാക്കുകയും വേണം.എല്ലാവർക്കും വിഷരഹിത ജൈവപച്ചക്കറി ലഭ്യമാക്കാൻ കാർഷിക മേഖലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുക.ലഹരി വിമുക്ത വിദ്യാലയം സൃഷ്ടിക്കാൻ കൂട്ടായ പരിശ്രമങ്ങൾ ഉണ്ടാകണം.സ്ത്രീ സുരക്ഷയ്ക്ക് പഥമ പരിഗണന നൽകുക.



**കീർത്തി അജിത്, ടെക്നോപാർക്ക് ഉദ്യോഗസ്ഥ, കഴക്കൂട്ടം**

പുതിയ സർക്കാരിൻറെ ഭാഗത്തുനിന്ന് കേരളത്തിലെ ഐ ടി മേഖലയെ ആകർഷകമായ രീതിയിൽ വികസിപ്പിച്ചെടുക്കാനുള്ള നയങ്ങളും സംരംഭങ്ങളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, ഖരമാലിന്യ സംസ്കരണത്തിനും നടപടികൾ വേണം.ഐ ടി മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ജോലി സ്ഥിരപ്പെടുത്തുവാനും ഭാവിസുരക്ഷിതത്വത്തിനുള്ള ആനുകൂല്യങ്ങൾ നല്കാനും നടപടി വേണം.25 ലക്ഷം പേർക്ക് അഞ്ചു വർഷം കൊണ്ട് തൊഴിൽ എന്ന പ്രകടനപത്രികയിലെ പ്രധാന വാഗ്ദാനം നടപ്പിലാക്കാൻ അനുയോജ്യമായ വ്യാവസായിക തൊഴിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക.ജനങ്ങളുടെ പേടിസ്വപ്നമായ തെരുവു നായ്ക്കളുടെ ശല്യം ഇല്ലാതാക്കണം.

**അനുശ്രീ സി എൽ, വിദ്യാർത്ഥിനി, വിഴിഞ്ഞം**



സർവമേഖലകളിലും അഴിമതിമുക്തമായ ഒരു ഭരണമാണ് യുവജനത ആഗ്രഹിക്കുന്നത്. ക്രിയാത്മകമായ പ്രവർത്തനം ഭരണാധികാരുകളുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിൻറെ നിലവാരം ഉയർത്തുകയും സർവകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യണം.പ്രകൃതി സൗഹാർദ്ദ വികസനത്തിന് ഊന്നൽ നല്കണം. പ്രധാന നഗരങ്ങളിൽ സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുക.അഭ്യസ്ഥ വിദ്യരായ അനേകായിരം യുവാക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

# കാവ്യപ്പെരുമയുടെ മുപ്പത് വർഷങ്ങൾ



കവി മധുസൂദനൻ നായർ

ദീപ്തി രഞ്ജിത്ത്
നന്ദന യു. എസ്

പന്ത്രണ്ടു മക്കളെ പെറ്റൊരമ്മേ നിന്റെ മക്കളിൽ ഞാനാണു ഭ്രാന്തൻ..... മലയാളികൾ ഇന്നോളം പാടി പഠിച്ച,നാവുകളിൽ നിന്ന് നാവുകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ചുരുക്കം ചില കവിതകളിൽ പ്രമുഖ സ്ഥാനം തന്നെയാണ് 'നാറാണത്തു ഭ്രാന്തൻ' എന്ന കവിതയ്ക്കുള്ളത്. മൂന്നു പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും ഇന്നും ഈ കവിത ജനഹൃദയങ്ങളിൽ തങ്ങിനിൽക്കുന്നു. ഒരൊറ്റ കവിത കൊണ്ട് നൂറു കവിതകളെഴുതിയ പ്രശസ്തിയുംആയിരം അവാർഡുകളുടെ സംതൃപ്തിയും കവിക്കുണ്ടായി. വി. മധുസൂദൻ നായർ എന്ന കവിയേയും 'നാറാണത്തു ഭ്രാന്തൻ' എന്ന കവിതയേയും ജനങ്ങൾ ഹൃദയത്തോടു ചേർത്തു.എട്ടാം ക്ലാസ്സിൽ പഠിച്ചിരുന്ന കാലം മുതൽക്കാണ് അദ്ദേഹം കവിതകൾ എഴുതി തുടങ്ങിയത്. എന്നാൽ എം എ വിദ്യാഭ്യാസത്തിനു ശേഷമാണ് അദ്ദേഹം ഗൗരവമായി കാവ്യരചന തുടങ്ങിയത്.

എൺപതുകളുടെ അവസാനത്തിലാണ് കാവ്യലോകത്ത് ഒരു മാലാഖയെപ്പോലെ 'നാറാണത്തു ഭ്രാന്തൻ'എന്ന കവിതയുമായി വി. മധുസൂദനൻ നായർ കടന്നു വന്നത്. 1986 ആഗസ്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച കുഞ്ഞുപിള്ള സ്മാരക കവിതാ അവാർഡുദാനച്ചടങ്ങിലെ കവിയരങ്ങിൽ'നാറാണത്തു ഭ്രാന്തൻ'ആദ്യമായി അവതരിപ്പിച്ചപ്പോൾ നിറഞ്ഞ കയ്യടിയോടെയാണ് സദസ്യർ അത് നെഞ്ചിലേറ്റിയത്. തുടർന്നങ്ങോട്ട് തന്റെ കുടുംബസാഹചര്യത്തിൽനിന്നും വീണുകിട്ടിയമുളയെഒരമ്മപെറ്റ മക്കളിൽ ഭ്രാന്തനും, അനാഥനും, പന്ത്രണ്ടാമനുമായ നാറാണത്തു ഭ്രാന്തന്റെ കഥയോട് ചേർത്ത് കവി വളർത്തിയെടുത്തു.നാറാണത്തു ഭ്രാന്തനെപ്പോലെ കവിയും തന്റെ അമ്മയുടെ പന്ത്രണ്ടാമത്തെ പുത്രനാണ്.

134 വരികളുള്ള 'നാറാണത്തു ഭ്രാന്തൻ'എന്ന കവിതയിലൂടെ കവി തുറന്നുകാട്ടിയത് സമൂഹത്തിലെകുടിലതകളുംസ്വാർത്ഥതകളുമാണ്. മൂന്നു പതിറ്റാണ്ടു മുൻപ് കവി ഉരുക്കഴിച്ചെടുത്ത 'നാറാണത്തു ഭ്രാന്തൻ' കാവ്യാലാപന വേദികളിൽ ഇന്നും ഭ്രാന്തമായ ആവേശമാണുയർത്തുന്നത്. ഒട്ടനവധി കാരണങ്ങൾ കൊണ്ട് ഈ കാവ്യ വാങ്മയം ചരിത്രം സൃഷ്ടിച്ചു. ഒരു മലയാള കവി സ്വന്തം കവിത ഏറ്റവും കൂടുതൽ വേദികളിൽ ആലപിച്ചിട്ടുള്ളതും ഇതായിരിക്കാം. തന്റെ കവിതകളിൽ താൻ ഏറ്റവും കൂടുതൽ വേദികളിൽ ആലപിച്ചിട്ടുള്ളത് 'നാറാണത്തു ഭ്രാന്ത'നാണെന്ന് കവി തന്നെ സാക്ഷ്യപ്പെടുത്തുന്നു. അച്ചടിക്കുന്നതിനു മുൻപു തന്നെ കവിയുടെ ആലാപനത്തിലൂടെ പ്രസിദ്ധി നേടിയ കവിത എന്നൊരു പ്രത്യേകത കൂടി' നാറാണത്തു ഭ്രാന്തനുണ്ട്.

ചങ്ങമ്പുഴയുടെ 'രമണ'നു ശേഷം പുസ്തകമായി പ്രസിദ്ധീകരിച്ച് ചരിത്ര വില്പന നേടിയ കാവ്യമെന്നുള്ളതും 'നാറാണത്തു ഭ്രാന്ത'ന്റെ സവിശേഷതയാണ്. ഇപ്പോൾ 'നാറാണത്തു ഭ്രാന്ത'നു 40 പതിപ്പായി. വരരുചിപ്പഴമയുടെ നേരറിവുകളിലേക്ക് കവിയുടെ മനസ്സ് ആദ്യമായി ചേക്കേറിയത് 1985 ൽ കേശവദാസപുരത്തെ വാടക വീട്ടിൽ താമസിക്കുമ്പോഴാണ്. 'മക്കളേ പന്ത്രണ്ടു പെറ്റൊരു പറയി കേഴുന്നു' എന്ന വരരുചിയുടെ ഭാര്യയുടെ ആത്മാലാപനമായി തുടങ്ങിയ കവിത ദിവസങ്ങൾ കഴിഞ്ഞപ്പോൾ നാറാണത്തു ഭ്രാന്തന്റെ നേരറിവുകളിലേക്ക് മൊഴിമാറിയൊഴുകി. അമ്മയിലൂടെ പറയുന്നതിനേക്കാൾ മക്കളിൽ ഒരാൾ സ്വയം പറയുന്നതാണു നല്ലതെന്നു കവിക്ക് തോന്നി.മനസ്സിൽ'നാറാണത്തു ഭ്രാന്ത'നെന്ന കവിത മൊട്ടിട്ടപ്പോൾ കടുത്ത അസ്വസ്ഥനായിരുന്നു കവി. ഒരു സമൂഹത്തിന്റെ ഗതിഭ്രമം, മനോരോഗം, വിനാശം, ഏകതാബോധമില്ലായ്മ അത് സ്വന്തം കുടുംബത്തിൽ നടക്കുന്നതു പോലെ കവിയ്ക്ക് തോന്നി. അത് കണ്ടിട്ടുണ്ടായ അസ്വസ്ഥത അദ്ദേഹത്തിന്റെ മനസ്സ് നാറാണത്തു ഭ്രാന്തനിലേയ്ക്കെത്തിച്ചു.കവി ഭൂമിക്കു മുകളിൽ സൂര്യനായി നിന്ന് കൊണ്ട് എല്ലാത്തിനേയും നോക്കിക്കണ്ടു. ഭൂമിയിലെ ഒരു ജീവനായി നിന്ന് നോക്കുന്നതിനേക്കാൾ വ്യത്യസ്തമായി കാഴ്ചകൾ കാണാൻ അദ്ദേഹത്തിന് അപ്പോൾ കഴിഞ്ഞു. പുഴുവും പുൽക്കൊടിയും വരെ നമുക്ക് സഹോദരങ്ങളാണെന്ന് കവി തിരിച്ചറിഞ്ഞു. ഒരാഴ്ച്ച കൊണ്ടാണ് കവിത എഴുതിത്തീർത്തത്. എന്നാൽ അന്നത് പ്രസിദ്ധീകരണങ്ങൾക്കൊന്നും അയച്ചു കൊടുത്തില്ല.പിന്നീട് 1986ൽ കുഞ്ചുപിള്ള സ്മാരക കവിതാ അവാർഡ് ഏറ്റുവാങ്ങാൻ എത്തിയപ്പോൾ കവിയരങ്ങിൽ അദ്ദേഹം' നാറാണത്തു ഭ്രാന്തൻ' അവതരിപ്പിച്ചു.

മൂന്നു പതിറ്റാണ്ട് പിന്നിടുമ്പോൾ 'നാറാണത്തു ഭ്രാന്തൻ' ജനമനസ്സുകൾ കീഴടക്കി അതിന്റെ ജൈത്രയാത്ര തുടരുകയാണ്. കവി അന്ന് ചൂണ്ടിക്കാട്ടിയ ഏകതാ ഭാവം നഷ്ടപ്പെട്ട സാമൂഹികാവസ്ഥ ഇന്ന് കൂടുതൽ ഭീകരമായിനിലനില്ക്കുന്നു. ''ചാരങ്ങൾപോലും പകത്തുതിന്നൊരീ പ്രേതങ്ങളലറുന്ന നേരം പേയും പിശാചും പരസ്പരം തീവെട്ടി പേറി അടരാടുന്ന നേരം'' എന്ന വരികൾ അന്വർഥമായത് ഇപ്പോഴാണെന്നാണ് കവിയുടെ നിഗമനം. എഴുത്തുകാർ ദീർഘദർശികളാണെന്നു പറയുന്നതിനു അടിവരയിടാൻ ഈ കവിതയ്ക്ക് സാധിക്കുന്നു.കവിതയുടെ ഐതിഹ്യവഴികൾ തേടിയുള്ള കവിയുടേയും കൂട്ടുകാരുടേയും യാത്ര ഏപ്രിൽ 9 ന് പാലക്കാട് വാണിയംകുളത്തുള്ള രായിരനെല്ലൂർ മലയിൽ സമാപിച്ചു. രായിരനെല്ലൂരിൽ നാറാണത്തു ഭ്രാന്തന്റെ ഭീമാകാരമായ പ്രതിമയ്ക്കു മുന്നിൽ കവിയുടെ ചൊല്ലിയർപ്പണത്തോടെയാണ് കാവ്യപ്പിറന്നാളാഘോഷം സമാപിച്ചത്.തന്റെ രചനകൾ പൊതുവിൽ ആളുകൾ സ്വീകരിക്കുമ്പോൾ അതവർക്ക് ദോഷംചെയ്യാതെ പിന്നീടും സ്വീകാര്യമാകണമെന്ന് അദ്ദേഹം ശ്രദ്ധിച്ചിരുന്നു.ഇതു തന്നെയാണ് അദ്ദേഹത്തിലെ കവി കർമ്മത്തിനെ നന്നാക്കിയതും. ചില രചനകൾക്ക് കവിയുടെ ആത്മസത്ത പിഴിഞ്ഞ് വെച്ചിരിക്കുന്നതുകൊണ്ട് ആയുസ്സുള്ള കവിതയാകാനുള്ള ജാതകമുണ്ട്.

'നാറാണത്തു ഭ്രാന്തൻ'എന്ന കവിത ജനങ്ങളിലേക്കിറങ്ങി ചെല്ലുകയും ആനന്ദവും പരിവർത്തനവും ആസ്വാദകരിൽ ഉണ്ടാക്കുകയും ചെയ്തുവെങ്കിൽ അത് വി. മധുസൂദനൻ നായർ എന്ന കവിയുടെ അക്ഷരകർമ്മത്തിന്റെ സാഫല്യമാണ്.

'വേരു നഷ്ടപ്പെട്ട മുളകൾക്ക് നല്ല വേര്...... സ്വന്തംവേര് കൊടുക്കാൻ'കുട്ടികൾക്കായി മലയാളം പള്ളിക്കൂടം പോലുള്ള പ്രവർത്തനങ്ങളുമായി ഓടിനടക്കുന്ന കവി ഇപ്പോഴും വേദികളിൽ ചൊല്ലുന്നു.............

''പന്ത്രണ്ടു മക്കളത്രേ പിറന്നു
ഞങ്ങൾ പന്ത്രണ്ടു കയ്യിൽ വളർന്നു
കണ്ടാലറിഞ്ഞേക്കുമെങ്കിലും തങ്ങളിൽ
രണ്ടെന്ന ഭാവം തികഞ്ഞു.............''

| | | | | | |
|---|---|---|---|---|---|
| ചീഫ് എഡിറ്റർ | : | ഡോ.സുഭാഷ് കുട്ടൻ | ഫാക്കൽറ്റി എഡിറ്റേഴ്സ് | : | ഡോ.എം.എസ്.ഹരികുമാർ, മാഗി ജെ. |
| എഡിറ്റോറിയൽ അസിസ്റ്റന്റ് | : | സിനില ഡി.ബി.എസ് | ലേ -ഔട്ട് & ഡിസൈൻ | : | അഭിജിത്ത് എസ്, അഭിലാഷ് സുധീഷ് |
| എഡിറ്റോറിയൽ ടീം | : | ധനേഷ് രവീന്ദ്രൻ, പവിത്ര ഡി ജെ, സൂര്യ എസ്, അഭിജിത്ത് എസ്, ആതിര എം.എസ് | | | |

# ചുരമിറങ്ങി റിയോയിലേയ്ക്ക്.....

ധനേഷ് രവീന്ദ്രൻ
പവിത്ര ഡി.ജെ

ഇന്ത്യൻ കായികരംഗത്ത് മലയാളികളുടെ അത്‌ലറ്റിക്സ് സ്വപ്നങ്ങൾക്ക് പുത്തൻ പ്രതീക്ഷ നൽകി ട്രാക്കിൽ നിറഞ്ഞുനിൽക്കുന്ന കായികതാരമാണ് വയനാട്ടുകാരിയായ ഒ.പി. ജെയ്ഷ. ദുസ്സഹമായ ജീവിത അന്തരീക്ഷത്തിൽ നിന്നും ഇന്ത്യയിലെ മുൻനിര താരങ്ങൾക്കിടയിൽ സ്ഥാനം കണ്ടെത്തിയ ഒ.പി. ജെയ്ഷ തന്റെ വളർച്ചയുടെ നാൾ വഴികളെക്കുറിച്ചും ഭാവി പ്രതീക്ഷകളെ കുറിച്ചും സംസാരിക്കുന്നു



ഏഷ്യൻ ഗെയിംസ് മെഡലുമായി ഒ.പി.ജെയ്ഷ

***ഇന്ത്യൻ കായികരംഗത്ത് ഒ.പി.ജെയ്ഷ എന്ന പേര് ഇന്ന് സുപരിചിതമാണ്. എങ്ങനെയായിരുന്നു വയനാടൻ ചുരമിറങ്ങി ഇന്ത്യൻ അത്‌ലറ്റ് മേഖലയിലേക്കുള്ള ജെയ്ഷയുടെ കടന്നുവരവ്?***

പത്താം ക്ലാസ് കഴിഞ്ഞ് പ്രീഡിഗ്രി പഠനത്തിനായി ചങ്ങനാശ്ശേരി അസംഷൻ കോളേജിൽ എത്തി. എന്റെ ജീവിതത്തിലെ നിർണ്ണായകവഴിത്തിരിവായിരുന്നു അത്.

നാട്ടിലെ ഗ്രാമീണ മേളകളിൽ ചെറിയ രീതിയിൽ ഓട്ട മത്സരത്തിൽ പങ്കെടുത്തിട്ടുണ്ട് എന്നതല്ലാതെ അതുവരെ അത്‌ലറ്റിക്സിനെ കുറിച്ചോ, സ്പോർട്ട്സിനെക്കുറിച്ചോ എനിക്ക് ഒന്നും അറിയില്ലായിരുന്നു. എന്റെ നാട്ടുകാരനും കായിക അധ്യാപകനുമായിരുന്നു ഗിരീഷേട്ടൻ ആയിരുന്നു എന്നെ ആ കോളേജിൽ എത്തിച്ചതും. തുടർന്ന് ഒന്നാം വർഷവും, രണ്ടാം വർഷവും ഈ മേഖലയെക്കുറിച്ച് നല്ലപോലെ പഠിക്കുകയും പരിശീലനം നടത്തുകയും ചെയ്തു. വാസ്തവത്തിൽ നാലു പെൺമക്കൾ അടങ്ങിയ എന്റെ കുടുംബത്തിന്റെ കഷ്ടപ്പാടുകളും, അപ്രതീക്ഷിതമായി അപകടം സംഭവിച്ച് കിടപ്പിലായിപ്പോയ അച്ഛന്റെ കണ്ണുനീരും മാറ്റാനായി എത്രയും പെട്ടെന്ന് ഒരു ജോലി നേടുക എന്നതായിരുന്നു എന്റെ ലക്ഷ്യം. അതുകൊണ്ട് തന്നെ വീട്ടിലെ സാഹചര്യം എനിക്ക് ഓരോ ദിവസവും കൂടുതൽ കരുത്തുനൽകി എന്നെ മുന്നോട്ട് നടത്തി.

***കോളേജ് പഠനകാലത്തെ പ്രധാന നേട്ടങ്ങൾ എന്തെല്ലാമായിരുന്നു?***

ഞാൻ പറഞ്ഞല്ലോ ഒന്നാം വർഷവും രണ്ടാംവർഷവും എനിക്ക് ഒന്നുംതന്നെ നേടാനുള്ള കഴിവില്ലായിരുന്നു. പക്ഷേ അവസാന വർഷം നടന്ന ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻ ഷിപ്പിൽ 5000, 10000, 1500 എന്നീ ഇനങ്ങളിൽ ഞാൻ ട്രാക്കിലിറങ്ങി ദൈവാനുഗ്രഹത്താൽ മൂന്ന് ഇനങ്ങളിലും സ്വർണ്ണം നേടി.

2008-ൽ ഞാൻ നേടിയ ഈ ഹാട്രിക്ക് വിജയം ഇന്നും ആരും മറികടന്നിട്ടില്ല എന്ന് പറയുമ്പോൾ എനിക്ക് അഭിമാനമുണ്ട്.

***ദേശീയ കായികരംഗത്തേക്കുള്ള കടന്നുവരവിനെപറ്റി ?***

കോളേജിൽ നിന്ന് നേരേ പാട്യാലയിലെ സീനിയർ അത്‌ലറ്റിക് ക്യാമ്പിലായിരുന്നു ഞാൻ പോയത്. അതിനോടകം ജോലി റെയിൽവേയിൽ കിട്ടി പക്ഷേ അപ്പോഴെക്കും അത്‌ലറ്റിക്സ് എന്റെ ജീവിതവുമായി ഇഴകിചേർന്നു. പിന്നീട് കഷ്ടപ്പാടുകൾ നിറഞ്ഞ ദിവസങ്ങളിലൂടെ എന്റെ ക്യാമ്പ് കടന്നുപോയി തുടർന്ന്2006 ൽ ദോഹയിൽ വച്ചു നടന്ന ഏഷ്യൻ ഗെയിംസിൽ മെഡൽ നേടായി. അത് എന്റെ കരിയറിലെ എക്കാലത്തെയും മികച്ച നേട്ടമായി മാറി.




***ഇപ്പോൾ ജെയ്ഷ ഒളിപിക്സ് യോഗ്യത നേടിയിരിക്കുന്നു. റിയോയിൽ ജെയ്ഷ സ്വപ്നം കാണു ന്നത്?***

ഇപ്പോൾ മാരത്തണിലാണ് ഞാൻ ഒളിംപിക്സ് യോഗ്യത നേടിയിരിക്കുന്നത്. പക്ഷേ വനിതാ വിഭാഗം മാരത്തണിൽ രാജ്യത്തിന് മികച്ച നേട്ടം ഉണ്ടാകാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല. അതിനാൽ 1500-മീറ്ററിലേക്ക് ഞാൻ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. പക്ഷേ ഇതുവരെ അതിൽ യോഗ്യത നേടാനായിട്ടില്ല. ഇപ്പോഴും ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. ദൈവാനുഗ്രഹത്താൽ 1500 ൽ യോഗ്യത നേടാനായാൽ ഇന്ത്യയ്ക്ക് ഒരു ഒളിപിക്സ് മെഡൽ എന്ന സ്വപ്നം സാക്ഷാത്കരിക്കാനാകും.

***ജെയ്ഷയുടെ ഭാവി പ്രതീക്ഷ?***

ഞാൻ പറഞ്ഞതുപോലെ ഈ ഒളിപ്ക്സിൽ ഞാൻ ഒരുപാട് പ്രതീക്ഷ പുലർത്തന്നു. തുടർന്ന് 2019 -ലെ ഏഷ്യൻ ഗെയിംസാണ് എന്റെ ലക്ഷ്യം. അതിലൂടെ രാജ്യത്തിന് മികച്ച നേട്ടം കൈവരിച്ചശേഷം കായിക രംഗത്ത് നിന്ന് വിട പറയും .വിട പറയും എന്നു പറയുമ്പോൾ മത്സരങ്ങളിൽ നിന്ന് മാത്രമായിരിക്കും.

എന്റെ ജീവിതം ആദ്യവും അവസാനവും സ്പോർട്സ് മാത്രമാണ് എന്നെ ഞാൻ ആക്കിയതും എന്റെ കുടുംബത്തിന്റെ കണ്ണുനീർ അകറ്റിയതും ഞങ്ങൾക്ക് പുതിയ ജീവിതം നൽകിയതും സ്പോട്സ് ആണ് അതുകൊണ്ട് തന്നെ മികച്ച കായിക താരങ്ങളെ വാർത്തെടുക്കുന്ന വിധത്തിൽ കോച്ചിങ്ങ് മേഖലയിൽ ജോലി നോക്കാനാണ് എനിക്ക് ആഗ്രഹം. അതും സ്വന്തം നാടായ കേരളത്തിലാണെങ്കിൽ കൂടുതൽ സന്തോഷം.

***സ്പോർട്സ് മേഖലയിലേക്ക് കടന്നുവരാനാഗ്രഹിക്കുന്ന പുതു തലമുറയോട് എന്താണ് പറയാനുള്ളത്?***

ഭൂരിപക്ഷം ആളുകളും ഒരു ജോലി നേടുക എന്ന സ്വപ്നവുമായി മാത്രമാണ് ഈ മേഖലയിലേയ്ക്ക് വരുന്നത്. അതിനുപരിയായി തങ്ങളുടെ കഴിവുകൾ പൂർണ്ണമായും ഈ മേഖലയിൽ വിനിയോഗിക്കാൻ തയ്യാറായാൽ കേരളത്തിലെ താരങ്ങൾക്ക് ലോകത്തെ മറ്റാരുടെയും പിന്നിൽ നിൽക്കേണ്ടി വരില്ല എന്നതാണ് യാഥാർത്ഥ്യം.

സംസ്ഥാന സർക്കാർ ഈ മേഖലയ്ക്കും, പരിശീലനം ചെയ്യുന്നവർക്കും കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്. ഉദാഹരണമായി കഴിഞ്ഞ നവംബറിൽ റാഞ്ചിയിൽ നടന്ന 31-ാമത് ദേശീയ ജൂനിയർ അത്‌ലറ്റിക് മീറ്ററിൽ പങ്കെടുക്കാൻ കേരളത്തിലെ കുട്ടികൾക്ക് വെള്ളപ്പൊക്കത്തെ തുടർന്ന് എത്താൻ കഴിയാതെ വന്നപ്പോൾ കായിക മന്ത്രി ഇടപെട്ട് മുഴുവൻ കുട്ടികളെയും വിമാനത്തിൽ എത്തിച്ചിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഇത് പുതിയ അനുഭവമായി എനിക്ക് തോന്നുന്നു. അതുകൊണ്ട് തന്നെ ഇത്രയേറെ പിന്തുണനമ്മുടെ കുട്ടികൾക്ക് ലഭിക്കുമ്പോൾ അവർ തീർച്ചയായും അത് ഉപയോഗപ്പെടുത്താൻ ശ്രമിക്കണം. ആത്മാർത്ഥമായി ശ്രമിച്ചാൽ, നേടിയെടുക്കാൻ കഴിയാത്തതായി ഒന്നുമില്ല ദൈവവിശ്വാസമുള്ളവരായി കഷ്ടപ്പെടാൻ മനസ്സുള്ളവരായി ഈ രംഗത്ത് എത്തുന്നവർക്ക് തീർച്ചയായും വലിയ നേട്ടങ്ങൾ സൃഷ്ടിക്കാൻ കഴിയും.

# ഹെൽപ്പിങ് ഹാന്റ്സ് : നന്മയുടെ പൂമരങ്ങൾ

ഗീതു വി.നായർ
ഷെഹിന എസ്.

**കാര്യവട്ടം :** ''ഞാൻ. . . . 6 വയസ്സുള്ള കുട്ടിയാണ്. എനിക്ക് . . . ഓട്ടിസമുണ്ട്. ഞാൻ മറ്റു കൂട്ടുക്കാരെപോലെയല്ല. . എനിക്ക് ചിത്രം വരയ്ക്കാനും പാട്ടുപാടാനും ഒരുപാട് ഇഷ്ടാണ്. . . . എന്നെ ഇതിനു സഹായിക്കുന്നത് ജോളി ടീച്ചറും ഇവിടെ ഉളളവരുമാണ്.'' ഇത് ഒരു 6 വയസ്സുകാരിയുടെ മാത്രം പ്രതീക്ഷയല്ല. ഇത്തരത്തിൽ ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ അനേകം കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുകയാണ് ജോളി ജോൺസന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'ഹെൽപ്പിങ് ഹാൻസ്' എന്ന സംഘടന.

ഓട്ടിസം ബാധിച്ച കുട്ടികളുടെ പുനരധിവാസം മുൻനിർത്തി പ്രവർത്തിക്കുന്ന ഈ സംഘടന ഇവരുടെ പ്രത്യേക കഴിവുകൾ കണ്ടെത്തി സ്വയം തൊഴിൽ പരിശീലനത്തിനും ഊന്നൽ നൽകുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ വ്യക്തിത്വ വികാസം ലക്ഷ്യം വച്ചുള്ള 'ഡാഫോഡിൽസ്' എന്ന പദ്ധതിക്കു കീഴിൽ സഞ്ജീവനി പ്രതീക്ഷ, സി.എം.സി.എ. എന്നീ മൂന്നു വിഭാഗങ്ങളിലായിട്ടാണ് ഇവരുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.



ഇനി അവർ വരയ്ക്കട്ടെ : **ഹെൽപ്പിങ് ഹാന്റ്സ് സംഘടിപ്പിച്ച ചിത്രരചനാ മൽസരത്തിൽ നിന്ന്**

വൈദ്യസഹായം, പരിചരണം എന്നിവ ആവശ്യമുള്ള വൃദ്ധജനങ്ങൾക്ക് അവ വേണ്ടസമയത്ത് ലഭ്യമാക്കുക എന്നതാണ് സഞ്ജീവനിയിലൂടെ ഇവർ നടപ്പിലാക്കുന്നത്. സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സാമൂഹികവും വ്യക്തിപരവുമായ പ്രതിസന്ധികൾ തരണം ചെയ്ത് വിദ്യാഭ്യാസം നേടിയെടുക്കാൻ പ്രാപ്തരാക്കുകയാണ് പ്രതീക്ഷയുടെ പ്രധാന ലക്ഷ്യം.

സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങൾ കണ്ടെത്തി ഇത്തരം കുട്ടികളിലൂടെ അധികാരികൾക്ക് മുന്നിലവതരിപ്പിച്ച് അവയ്ക്ക് പ്രശ്ന പരിഹാരം കണ്ടെത്തുകയാണ് ചിൽഡ്രൻ മൂവ്മെന്റ് ഫോർ സിവിക് അവയർനസിലൂടെ. പേപ്പർ-തുണി ബാഗുകൾ, ഡിറ്റർജൻസ് പൗഡർ, ലോഷൻ, ഫാൻസി ആഭരണങ്ങൾ സ്ക്രീൻ പ്രിന്റിങ്, മെഴുകുതിരി, ആശംസാ കാർഡുകൾ, പാവകൾ തുടങ്ങിയവയുടെ നിർമ്മാണം എന്നിവയിലെല്ലാം കുട്ടികൾക്ക് പരിശീലനം നൽകുന്നു. ഇത് വിറ്റഴിക്കാൻ വിപണനകേന്ദ്രവും തയ്യാറാക്കുന്നുണ്ട്. ഓകുപേഷണൽ തെറാപ്പി, സ്പിച്ച് തെറാപ്പി, ബിഹേവിയർ തെറാപ്പി, സെൻസറി ഇന്റഗ്രേഷൻ തെറാപ്പി, മ്യൂസിക് തെറാപ്പി, ഫാമിലി കൗൺസിലിങ് വർക്ക്ഷോപ്പ് തുടങ്ങിയ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കാറുണ്ട്. കാര്യവട്ടത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സംഘടനക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച്, അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച്, പ്രവർത്തനം വിപുലപ്പെടുത്തണമെന്നതാണ് ഏറ്റവും വലിയ ലക്ഷ്യം. ഒപ്പം ഓട്ടിസം ബാധിച്ച കുട്ടികൾക്കുവേണ്ടിയുള്ള ഒരു ഗ്രാമം എന്ന സ്വപ്നപദ്ധതിയിലേക്കുള്ള ചുവടുവയ്പ്പും.

# കായൽ ടൂറിസത്തിന്റെ അനന്തസാധ്യതകളുമായി മുതലപ്പൊഴി

ആതിര എം.എം
ധന്യ എസ് നായർ

**പെരുമാതുറ :** വിനോദയാത്രയെന്നാൽ ഊട്ടിയും കൊടൈക്കനാലുമാണെന്ന് മലയാളി ചിന്തിക്കുന്ന കാലം കഴിഞ്ഞിരിക്കുന്നു. പ്രകൃതി ഒരുക്കുന്ന അഭൗമ സൗന്ദര്യത്തിന്റെ വശ്യതയുമായി നമ്മുടെ അയൽപക്കങ്ങൾ സഞ്ചാരികളെ കാത്ത് അണിഞ്ഞൊരുങ്ങി നിൽക്കുന്നു. ഇത്തരത്തിൽ പ്രാദേശിക ടൂറിസത്തിന്റെ സാധ്യതകൾ ഫലപ്രദമായി വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ തന്നെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിലൊന്നായി മാറിയിരിക്കുകയാണ് പെരുമാതുറ എന്ന ഗ്രാമവും മുതലപ്പൊഴി എന്ന മനോഹരതീരവും.



**പെരുമാതുറ പാലം , ഒരാകാശ ദൃശ്യം**

നഗരത്തിൽ നിന്നും 29കി.മി വടക്ക് സ്ഥിതി ചെയ്യുന്ന പെരുമാതുറ ഗ്രാമത്തെ കിഴക്ക് കഠിനംകുളവും പടിഞ്ഞാറ് അറബിക്കടലും വടക്ക് മുതലപ്പൊഴിയും അതിരിടുന്നു. പെരുമാതുറ-താഴംപള്ളി പ്രദേശങ്ങളെ ബന്ധിപ്പിച്ച് മുതലപ്പൊഴിക്ക് കുറുകെ പെരുമാതുറ പാലം യാഥാർത്ഥ്യമായതോടെ, വർഷങ്ങളായി വികസനം വഴിമുട്ടിയ ഈ കടലോരഗ്രാമത്തിന്റെ വികസന ടൂറിസം സ്വപ്നങ്ങൾ പുതിയ ഉയരത്തിലെത്തിയിരിക്കുന്നു. ഒരു വശത്ത് കടലും മറുവശത്ത് അഞ്ചുതെങ്ങുകായലും ചേർന്നൊരുക്കുന്ന പ്രകൃതി സൗന്ദര്യം മുതലപ്പൊഴിയെ സഞ്ചാരികളുടെ പ്രിയ തീരമാക്കി മാറ്റിയിരിക്കുകയാണ്.

പാലത്തിൽ നിന്നുള്ള സൂര്യാസ്തമയത്തിന്റെ മനോഹര ദൃശ്യം ആസ്വദിക്കുന്നതിനും, കടലും കായലും പശ്ചാത്തലമാക്കി സെൽഫി എടുക്കുവാനും, തീരത്ത് ഉല്ലസിക്കുന്നതിനുമൊക്കെയായി നൂറുകണക്കിന് കുടുംബങ്ങളാണ് ദിവസവും ഇവിടെ എത്തുന്നത്. സഞ്ചാരികളും അവരുടെ വാഹനങ്ങളും സൃഷ്ടിക്കുന്ന തിരതളളലിൽ പലപ്പോഴും പാലത്തിലൂടെയുള്ള ഗതാഗതം താറുമാറാക്കുന്നു.

21കോടി രൂപ ചിലവിൽ259.7ാ നീളത്തിലും 10.5ാ വീതിയിലും നിർമ്മിച്ചിരിക്കുന്ന പാലം തലസ്ഥാന ജില്ലയുടെ തീരദേശ വികസനത്തിന് പുത്തൻ ഉണർവേകും.

തുടക്കത്തിൽ നിലനിന്നിരുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ അധികാരികൾക്ക് കഴിഞ്ഞിട്ടുണ്ട്. പാലത്തിലടക്കം വഴിവിളക്കുകൾ സ്ഥാപിക്കുകയും സഞ്ചാരികൾക്കു മാർഗനിർദ്ദേശം നൽകുന്നതിനായി കഠിനംകുളം പോലീസ് സ്റ്റേഷനിൽ നിന്നുള്ള പൊലീസുകാരെ പാലത്തിലും ബീച്ചിലുമായി നിയോഗിക്കുകയും ചെയ്തു. യാത്രാക്ലേശം പരിഹരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. കടയ്ക്കാവൂർ, നെടുമങ്ങാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേക്ക് പ്രത്യേക സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.

സഞ്ചാരികളുടെ തിരക്ക് പരിഗണിച്ച് തീരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടിയുടെ പദ്ധതി കേരള ടൂറിസം വകുപ്പിന്റെ പരിഗണനയിലാണ്. നടപ്പാത, ടിക്കറ്റ് കൗണ്ടർ, കുളിപ്പുര, നിരീക്ഷണകേന്ദ്രം, ശുദ്ധജലവിതരണം, സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതീകരണം തുടങ്ങിയവയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. പെരുമാതുറ, കഠിനംകുളം, ചിറയിൻകീഴിലെ പുളിമൂട്ടിൽ കടവ്, അകത്തുമുറി, കാപ്പിൽ കായൽ എന്നിവയെ ബന്ധിപ്പിച്ച് ബോട്ട് സർവീസ് ആരംഭിക്കുന്നതിനും ഗ്രാമത്തിൽ സാഹസിക ടൂറിസം ആരംഭിക്കുന്നതിനും വകുപ്പ് പദ്ധതിയിടുന്നു.

പ്രകൃതി സൗന്ദര്യത്തിന്റെ വശ്യതയ്ക്കൊപ്പം അപകടകരമായ ആഴങ്ങളും ഈ മനോഹരതീരം അതിന്റെ മടിത്തട്ടിൽ ഒളിപ്പിച്ചിരിക്കുന്നു. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുലിമുട്ടുകൾ അലക്ഷ്യമായി നിക്ഷേപിച്ചിട്ടുള്ളത് നീന്തലറിയുന്നവർക്ക് ഉൾപ്പെടെ ഏറെ അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നു. അതുകൊണ്ട്തന്നെ ലൈഫ്ഗാർഡ് ഉൾപ്പെടെയുള്ള സുരക്ഷാ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണമെന്ന ആവശ്യം ശക്തമാണ്.

# അറിവുണർത്തി ടേക്ക് മീഡിയ ഫെസ്റ്റ്




ടേക്ക് 4 ഉദ്ഘാടനം ചെയ്ത് എം.ജി.രാധാകൃഷ്ണൻ സംസാരിക്കുന്നു

**കാര്യവട്ടം:**കേരള സർവകലാശാല മാധ്യമ വിഭാഗം അലുമിനി അസോസിയേഷനും കമ്മ്യൂണിക്കേഷൻ ക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച ടേക്ക് മീഡിയ ഫെസ്റ്റിന്റെ നാലാം പതിപ്പ് ജനുവരി 6, 7, 8 തീയതികളിൽ കാര്യവട്ടം കാമ്പസിൽ നടന്നു.

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നിന്നു വ്യത്യസ്തമായി, ഇന്ത്യയിലെ തന്നെ ആദ്യ പരിസ്ഥിതി സൗഹാർദ ഫെസ്റ്റ് എന്ന ബാനറിലാണ് ടേക്ക് ഫോർ അരങ്ങേറിയത്. സംസ്ഥാന പബ്ലിക്റിലേഷൻസ് വകുപ്പും സിഡിറ്റും ടേക്ക് ഫോർ ഫെസ്റ്റുമായി സഹകരിച്ചു.

സംവാദം,ക്വിസ്, എഴുത്തോല, ബെസ്റ്റ് ജേർണലിസ്റ്റ്, സ്പോട്ട് ഫോട്ടോഗ്രഫി, മോക്പ്രസ്, ഹ്രസ്വ ചിത്ര മത്സരം എന്നിവയ്ക്കു പുറമേ വിവിധ ചർച്ചകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവയും ഫെസ്റ്റിൽ നടന്നു.കേരളത്തിലെ വിവിധ ക്യാമ്പസുകളിൽ നിന്നായി നൂറോളം മാധ്യമ വിദ്യാർഥികൾ പങ്കെടുത്തു.

# 'എന്റെ വോട്ട്'



നിർഭയ ഡിബേറ്റിംഗ് സൊസൈറ്റി പ്രസിഡന്റ് പ്രജീഷ് വിജയികൾക്ക് സമ്മാനം നൽകുന്നു

**കാര്യവട്ടം:** നിർഭയ ഡിബേറ്റിങ് സൊസൈറ്റിയും കാര്യവട്ടം കാമ്പസ് കമ്മ്യൂണിക്കേഷൻ ക്ലബും ചേർന്ന് 'എന്റെ വോട്ട്' ക്വിസ് മത്സരം നടത്തി. ഭാവിയെ പാടുത്തുയർത്തേണ്ട പുതിയ തലമുറ രാഷ്ട്രത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഭൂതവും വർത്തമാനവും അറിഞ്ഞിരിക്കേണ്ടത് അനിവാര്യം തന്നെ. നിർഭയ ഡിബേറ്റിംഗ് സൊസൈറ്റി പ്രസിഡന്റ് പ്രജീഷിന്റെ നേതൃത്വത്തിൽ ആണ് മത്സരം നടത്തിയത്.എം.സി.ജെ. ഒന്നാം വർഷ വിദ്യാർഥികളായ റമീസ് കെ. ഒന്നാം സ്ഥാനവും, ധന്യ എസ്. നായർ രണ്ടാംസ്ഥാനവും കരസ്ഥമാക്കി.

# മാറ്റത്തിന്റെ പ്രണയതീർത്ഥം




പ്രണയവും രാഷ്ട്രീയവും എന്നും കലാലയങ്ങളുടെ ഇടനാഴികളിൽ കൊത്തിവയ്ക്കപ്പെട്ട ലിഖിതങ്ങളാണ്. കാമ്പസിലെ അക്രമ രാഷ്ട്രീയത്തിന്റെയും, അതിൽ നിന്ന് മുളപൊട്ടുന്ന പ്രണയത്തിന്റെയും പച്ചയായ കഥ പറയുകയാണ് പ്രണയ തീർത്ഥം എന്ന തന്റെ ആദ്യ ചിത്രത്തിലൂടെ , കാര്യവട്ടം ക്യാമ്പ്സിലെ മാധ്യമ വിദ്യാർഥിയായ ദിനു ഗോപാൽ എന്ന ആലപ്പുഴ സ്വദേശി. ഇന്നത്തെ നമ്മുടെ സാമൂഹിക അവസ്ഥയിൽ വിദ്യാർഥി എന്ന നിലക്ക് തനിക്കു ഈ സമൂഹത്തോട് പറയാൻ ഉള്ളത് ഈ ചിത്രത്തിലൂടെ പറയാൻ ശ്രമിക്കുകയാണ് ദിനു ഗോപാൽ.

സൂര്യ എസ്.
ഗോകുൽ ജെ.ബി.




# മനസ്സു തുറന്ന് ബെന്യാമിൻ



ബെന്യാമിൻ വിദ്യാർഥികളുമായി സംവദിച്ചപ്പോൾ

കാര്യവട്ടം: പ്രവാസലോകത്തെ പൊള്ളുന്നഅനുഭവങ്ങൾ ആടുജീവിതത്തിലൂടെവരച്ചു കാട്ടിയ ബെന്യാമിൻ കാര്യവട്ടം കാമ്പസ്സിൽ എത്തി. കാമ്പസ് യൂണിയൻ സംഘടിപ്പിച്ച പരിപാടിയുടെ ഭാഗമായി എക്കണോമിക്സ് സെമിനാർ ഹാളിൽ വായനക്കാരുടെ സംശയങ്ങൾക്ക് ***ബെന്യാമിൻ*** മറുപടി നൽകി. കംപ്യൂട്ടർ ഗെയിമുകളിൽ പോലും തോൽക്കാൻ മടിക്കുന്ന ഈ കാലഘട്ടത്തിൽ ജയിക്കാൻ മാത്രമല്ല തോൽക്കാനും പഠിക്കണം എന്ന് പറഞ്ഞു. ധാരാളം സ്വപ്നങ്ങൾ കാണുക എന്ന പ്രചോദനം സമ്മാനിച്ച് അദ്ദേഹം മടങ്ങി.

# ഫലവൃക്ഷങ്ങൾ കാമ്പസിലേക്ക്

**കാര്യവട്ടം:** വ്യത്യസ്ത ഇനത്തിൽപ്പെട്ട വൃക്ഷ ലതാദികൾ കൊണ്ട് നിബിഡമാണ് കാര്യവട്ടം കാമ്പസ്. അതിൽ ഭൂരിഭാഗവും അക്കേഷ്യ മരങ്ങളാണ്. ഈ വൃക്ഷത്തിന്റെ പൂമ്പൊടി രോഗകാരികൂടിയാണ്. അതിനാൽ ഘട്ടംഘട്ടമായി അക്കേഷ്യ മരങ്ങൾ ക്യാമ്പസിൽ നിന്നും മാറ്റി വരികയാണിപ്പോൾ .ഇതിന്റെ ഭാഗമായി അക്കേഷ്യ വൃക്ഷങ്ങൾ നീക്കം ചെയ്ത് പകരം ഫലദായകങ്ങളായ മാവ്,പ്ലാവ്, മുതലായ വൃക്ഷതൈകൾ നടുകയും ചെയ്യുന്ന പദ്ധതിക്ക് കാമ്പസിൽ തുടക്കമായി.

കേരള ജൈവ വൈവിദ്യ ബോർഡ് ചെയർമാൻ ഡോ ഉമ്മൻ വി ഉമ്മന്റെ നേതൃത്വത്തിൽ നവംബർ 10 നു ബോട്ടണി വിഭാഗം സെമിനാർ ഹാളിൽ വച്ച് ഈ പരിപാടി ഉദ്ഘാടനം ചെയ്തു. അധ്യാപകരും വിദ്യാർഥികളും 500ഇൽ പരം വൃക്ഷതൈകൾ വച്ചുപിടിപ്പിച്ചു.

# ആഘോഷമായൊരു വനിതാദിനം

കാര്യവട്ടം: അന്താരഷ്ട്ര വനിതാ ദിനമായ മാർച്ച് 8ന് വിപുലമായ ആഘോഷങ്ങൾക്കാണ് കാമ്പസ് സാക്ഷ്യം വഹിച്ചത്. രാവിലെ 10 മണിക്ക് കാമ്പസ് ഡിവൈഡറിൽ നടന്ന ചർച്ച പ്രമുഖ അധ്യാപികയായ ഐറിസ് കൊയ്‌ലിയോ ഉദ്ഘാടനം ചെയ്തു. മലയാള വിഭാഗം അദ്ധ്യാപിക സീമ ജെറോം അധ്യക്ഷത വഹിച്ചു. യോഗത്തിൽ വനിതാ ദിന പ്രതിജ്ഞ എല്ലാ വിദ്യാർഥികളും ഏറ്റുചൊല്ലി. ചർച്ചയിൽ മാത്രം ഒതുങ്ങാതെ ഫ്രീഡം നൈറ്റ് എന്ന പേരിൽ കാമ്പസിലെ രാത്രിയെ ആഘോഷത്തിന്വിദ്യാർഥിനികൾക്ക് സാധിച്ചു.രാത്രി 12 മണിവരെ നീണ്ടുനിന്ന ആഘോഷങ്ങളിൽ പ്രമുഖ സാമൂഹ്യ പ്രവർത്തകയായ എ ജെ ഒലിന ടീച്ചറുടെ സാന്നിധ്യവും ഡോക്യുമെന്ററി പ്രദർശനവും മിഴിവേകി.

# മറയുന്ന മൺട്രോതുരുത്ത്



ഇനിയെത്രനാൾ : മൺട്രോതുരുത്തിൽ മൽസ്യ ന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

അരുൺചിത്ത് ഡി.എസ്
അഭിജിത്ത് എസ്

**കൊല്ലം:** നനവില്ലാത്ത മണ്ണിൽ ചവിട്ടണമെന്ന സ്വപ്നവുമായി ജീവിക്കുന്നൊരു നാട്.കൊല്ലത്ത് നിന്ന് വടക്കോട്ട് ട്രെയിനിൽ സഞ്ചരിക്കുമ്പോൾ പെരുമൺ പാലം കഴിഞ്ഞ് കാണുന്ന കൊച്ചു സ്റ്റേഷൻ, മൺട്രോതുരുത്ത്. കല്ലടയാറ് അഷ്ടമുടി കായലുമായി ചേരുന്ന മനോഹര ഭൂമിക.2004 വരെ കൊല്ലം ജില്ലയിലെ ഏറ്റവും മനോഹരമായ പ്രദേശമായിരുന്നു മൺട്രോ ദ്വീപുകൾ. 2004 ഡിസംബർ 26ന് വിളിക്കാതെ വിരുന്ന് വന്ന സുനാമി പല പ്രദേശങ്ങളിലും നിമിഷ നേരത്തെ താണ്ഡവമാണ് ആടിയതെങ്കിൽ അത് മൺട്രോ തുരുത്തിനു സമ്മാനിച്ചത് വേലിയേറ്റമെന്ന തീരാ ശാപമാണ്.

കല്ലടയാറ് കൊണ്ട് വരുന്ന എക്കൽ മണ്ണ് അടിഞ്ഞ് കൂടി രൂപം കൊണ്ട എട്ട് ദ്വീപുകൾ അടങ്ങുന്ന ദ്വീപ് സമൂഹമാണ് മൺട്രോ ദ്വീപുകൾ. ബ്രിട്ടീഷ് ഭരണ കാലത്ത് ഇംഗ്ലീഷ് കേണലായിരുന്ന ജോൺ മൺറോ ആണ് ഈ ദ്വീപ് സമൂഹത്തെ ജനവാസ യോഗ്യമാക്കിയത്. അദ്ദേഹത്തിൻറെ സ്മരണാർത്ഥമാണ് ഈ ദ്വീപുകൾക്ക് മൺട്രോ ദ്വീപുകൾ എന്ന് നാമകരണം ചെയ്തത്.തെങ്ങ് കൃഷിയും ചെമ്മീൻ കൃഷിയുമായിരുന്നു ഇവിടെയും ഇവരുടെ പ്രധാന വരുമാന മാർഗം.കയർ ഉത്പാദനമാണ് മൺട്രോതുരുത്തിലെ ഏക വ്യവസായം.

കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി തെന്മല ഡാം പണിതതോട് കൂടിയാണ് മൺട്രോ തുരുത്തിൻറെ കഷ്ടകാലം ആരംഭിച്ചത്.ഡാം വന്നതോടെ എക്കൽ മണ്ണിൻറെ വരവ് ഗണ്യമായി കുറയുകയും പുതിയ മണ്ണ് നിക്ഷേപിക്കപ്പെടാതെ വന്നത് തെങ്ങുകൃഷിയെ കാര്യമായി ബാധിക്കുകയും ചെയ്തു. തേങ്ങയുടെ ലഭ്യത കുറഞ്ഞത് കയർ വ്യവസായത്തെ യും വംശനാശത്തിന്റെ വക്കിലെത്തിച്ചു.

മൺട്രോ തുരുത്ത് മാലിദ്വീപ് പോലെ ആഗോളതാപനത്തിന്റെ ഇരയാണെന്ന് ചിലർ പറയുമ്പോൾ അതല്ല 2004 ലെ സുനാമിയാണ് മൺട്രോ ദ്വീപുകൾ മുങ്ങുന്നതിനു പ്രധാന കാരണമെന്നാണ് ഒരു കൂട്ടം വിദഗ്ദ്ധരുടെ അഭിപ്രായം. സുനാമി വന്നപ്പോൾ ഭൗമ പാളികളുടെ സ്ഥിതിയിൽ സംഭവിച്ച മാറ്റം മൺട്രോ തുരുത്ത് ഒന്ന് മുതൽ അഞ്ചു സെൻറ്റിമീറ്റർ വരെ താഴുവാൻ ഇടയാക്കിയെന്നും, ഈ മാറ്റത്തിൻറെ അനന്തരഫലമാണ് ഇപ്പോൾ ദ്വീപിൽ തുടർച്ചയായി അനുഭവപ്പെടുന്ന വേലിയേറ്റമെന്നും അവർ ചൂണ്ടിക്കാട്ടുന്നു.വേലിയേറ്റത്തിലൂടെ ദ്വീപിൽ ഉപ്പു വെള്ളമെത്തിയതോടെ ചെമ്മീൻ കൃഷി പാടെ നശിച്ചു. വെള്ളത്തിനാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്തിട്ടും കുടിവെള്ളം കിട്ടാക്കനിയായി മാറി.

യാത്രാപ്രശ്നമാണ് മൺട്രോതുരുത്തുകാർ നേരിടുന്ന മറ്റൊരു വെല്ലുവിളി. മൺട്രോ ദ്വീപുകളെ പകുത്തു കൊണ്ട് കടന്നുപോകുന്ന റെയിൽപാതയാണ് പ്രധാന യാത്രാമാർഗം. എന്നാൽ റെയിൽവേ തികഞ്ഞ അവഗണനയാണ് ഇവിടത്തെ ജനങ്ങളോട് വെച്ചു പുലർത്തുന്നത്. അടിസ്ഥാന സൗകര്യങ്ങൾ തീരെ ഇല്ലാത്തൊരു സ്റ്റേഷനാണ് മൺട്രോതുരുത്ത്.പുതിയ ഒരു ട്രെയിനിനും സ്റ്റോപ്പ് അനുവദിക്കാതിരിക്കുന്നതിനൊപ്പം പ്ലാറ്റ് ഫോമിനു നീളമില്ലാ എന്ന കാരണം പറഞ്ഞ് നിലവിലുള്ള ട്രെയിനുകളുടെ സ്റ്റോപ്പുകൾ കൂടി നിർത്തലാക്കുകയാണ് റെയിൽവേ. റെയിൽവേ ലൈനിൻറെ അരികിലൂടെ കൊല്ലത്തേക്ക് പാത നിർമ്മിക്കാൻ സ്ഥലം വിട്ടുനൽകണമെന്ന പഞ്ചായത്ത് അധികൃതരുടെ അപേക്ഷയും റെയിൽവേ ഇതുവരെ ചെവികൊണ്ടില്ല. ദ്വീപുകൾ തമ്മിൽ സഞ്ചരിക്കാനുള്ള ഏക മാർഗം വള്ളങ്ങൾ മാത്രമാണ്.

മൺട്രോതുരുത്തിലെ യുവാക്കളുടെയും യുവതികളുടെയും വിവാഹമാണ് ഈ ദ്വീപ് നേരിടുന്ന പ്രധാന സാമൂഹിക പ്രശ്നം. ഇവിടേക്ക് സ്വന്തം മക്കളെ വിവാഹം ചെയ്തയക്കാൻ ആരും തയ്യാറാകുന്നില്ല. സർക്കാരിനോ സന്നദ്ധസംഘടനകൾക്കോ സഹായം നൽകി പരിഹരിക്കാൻ സാധിക്കാത്ത പ്രശ്നമാണ് ഇപ്പോൾ മൺട്രോതുരുത്ത് അഭിമുഖീകരിക്കുന്നത് ഈ ദ്വീപ് ഉപേക്ഷിച്ച് പോവുക മാത്രമാണ് ഏക പോംവഴിയെന്ന് മൺട്രോതുരുത്ത് നിവാസികൾ ഉറച്ച് വിശ്വസിക്കുന്നു.അതിനു സാമ്പത്തിക ശേഷിയുള്ള ഒരുപാട് പേർ ഇപ്പോൾ തന്നെ ഇവിടം ഉപേക്ഷിച്ചു.

മനുഷ്യൻറെ ദീർഘ ദൃഷ്ടിയില്ലാത്ത വികലമായ വികസന കാഴ്ച്ചപ്പാടിനൊപ്പം പ്രകൃതിയിൽ നിന്നും നേരിട്ട പ്രഹരം കൂടി ആയപ്പോൾ ഇനി എന്തെന്ന് പകച്ചു നിൽക്കുകയാണ് എണ്ണായിരത്തോളം വരുന്ന മൺട്രോ നിവാസികൾ.തലമുറകൾ വളർന്ന മണ്ണ് ഉപേക്ഷിക്കാൻ മാനസികമായി തയ്യാറെടുക്കുകയാണ് പലരും. ആഗോളതാപനത്തിൽ മുങ്ങി താഴ്ന്ന മാലിദ്വീപിനെയും ഫിജിയെയും സോളമൻ ദ്വീപുകളെയും നോക്കി വിലപിക്കുന്നവർ നമ്മുടെ കണ്മുൻപിൽ അപ്രത്യക്ഷമാകുന്ന മൺട്രോതുരുത്തിനെയും കാണുവാൻ ശ്രമിക്കുക.ഒരുപക്ഷെ വരും കാലത്ത് മുത്തശ്ശി കഥകളിൽ മാത്രം സ്മരിക്കപെടുന്ന പ്രേതഭൂമിയായി മൺട്രോതുരുത്ത് മാറാം.

# ദാഹിച്ച് വലഞ്ഞ് വിഴിഞ്ഞം; ഇനി പ്രതീക്ഷ പുതിയ സർക്കാരിൽ

ആതിര എം.എസ്
മീനു എസ്.പ്രസാദ്

**വിഴിഞ്ഞം:** കോടികൾ മുടക്കി വികസനം കൊണ്ടുവരുമ്പോഴും കുടിവെള്ളം കിട്ടാതെ വലയുകയാണ് വിഴിഞ്ഞം തീരദേശവാസികൾ.വാട്ടർ അതോറിറ്റിയേയും, വിഴിഞ്ഞം സെന്റ് മേരീസ് ദേവാലയത്തിന്റെ നേതൃത്വത്തിൽ ലോറിയിൽ എത്തിക്കുന്ന കുടിവെള്ളത്തെയാണ് ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്. എന്നാൽ ഇത് പലപ്പോഴും മുടങ്ങാറുണ്ട്.പൂന്തുറ അടക്കമുള്ള തീരപ്രദേശങ്ങളിൽ കോർപ്പറേഷൻ കുടിവെള്ളം സൗജന്യമായി എത്തിക്കുന്നുണ്ടെങ്കിലും വിഴിഞ്ഞം നിവാസികൾക്ക് ഇത് ഇന്നും അന്യമാണ്.

വാട്ടർ അതോറിറ്റിനൽകുന്നത് മലിനജലമാണ്.ഈ ജലം അമിതമായ ക്ലോറിൻ സാന്നിദ്ധ്യം കാരണം പാചകത്തിനോ മറ്റാവശ്യങ്ങൾക്കോ ഉപയോഗിക്കാൻ കഴിയില്ല.പലപ്പോഴും രാത്രി ഏറെ വൈകിയെത്തുന്ന ജലം സംഭരിക്കാൻപ്രദേശവാസികൾക്ക് സാധിക്കാറില്ല.വർഷങ്ങളായി കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശവാസികളിൽ നിന്നും ജലമാഫിയ ഓരോ കുടം വെള്ളത്തിനും വൻ തുകയാണ് ഈടാക്കുന്നത്.

വിഴിഞ്ഞം നിവാസികളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ 2013 ഏപ്രിലിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയിൽ ഉൾപ്പെടുത്തിയ വിഴിഞ്ഞം ഇന്റർനാഷണൽ സീപ്പോർട്ട് ലിമിറ്റഡിന്റെ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കിയെങ്കിലും ആഴ്ചകൾ മാത്രമേ ആയുസ്സുണ്ടായിരുന്നുള്ളൂ. കാളിപ്പാറ പദ്ധതി, വെങ്ങാന്നൂർ കല്ലിയൂർ കുടിവെള്ളപദ്ധതി എന്നിവ പുരോഗതിയുടെ പാതയിലാണ്. ഈ പദ്ധതികൾ നടപ്പിലാക്കി കഴിയുമ്പോൾ തീരദേശത്തിന്റെകുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മാറിമാറി വരുന്ന ജനപ്രതിനിധികൾക്കും സർക്കാരിനും വിഴിഞ്ഞം നിവാസികളുടെ കുടിവെള്ളപ്രശ്നത്തിന്പരിഹാരം കാണാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പുതിയ സർക്കാരിൽ ജനങ്ങൾ എല്ലാ പ്രതീക്ഷകളും അർപ്പിക്കുകയാണ്.



*ദാഹജലവും കാത്ത് : വിഴിഞ്ഞത്തു നിന്നുള്ള കാഴ്ച*

# നിഴലുകൾക്കൊപ്പം ഒരു ജീവിതം

മഹിത കെ.



രാമചന്ദ്ര പൂലവർ അരങ്ങിനു പിന്നിൽ

**പാലക്കാട്:**ക്ഷേത്രങ്ങളിൽ മാത്രം ഒതുങ്ങിനിന്ന പാവക്കൂത്തിന്റെ സാദ്ധ്യതകൾ നാടക വേദികളിലും ബോധവൽക്കരണ പരിപാടികളിലും ഉപയോഗപ്പെടുത്തിയ തോൽപ്പാവക്കൂത്ത് കലാകാരനാണ് ഒറ്റപ്പാലംസ്വദേശിയായ രാമചന്ദ്ര പൂലവർ.

ക്ഷേത്രകലാരൂപമായികണക്കാക്കപ്പെടുന്ന പാവക്കൂത്ത് പാലക്കാട്, തൃശ്ശൂർ, മലപ്പുറംജില്ലകളിലാണ് പ്രധാനമായും കണ്ടുവരുന്നത്. പാവകളിക്കാരൻ ജീവൻ നൽകുമ്പോൾ ചലിക്കുന്ന ഒരു വസ്തു മാത്രമാണ് പാവ. പൂറകിൽ പാവകളിക്കാരൻ ഇല്ലെങ്കിൽ പാവയ്ക്ക് അസ്ഥിത്വം ഇല്ല.

തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രോൽസവത്തിന്റെ ലോഗോ നൃത്തം ചെയ്യുന്ന ഒരു സ്ത്രീരൂപം സംവിധായകനായ ജി. അരവിന്ദന്റെ നിർദേശപ്രകാരം രാമചന്ദ്രപുലവർ തയ്യാറാക്കിയതാണ്. ലോകത്തിലെ ആദ്യകലാരൂപമാണ് നിഴൽപാവക്കൂത്തെന്ന് രാമചന്ദ്രപുലവർ പറയുന്നു. പിതാവുംഗുരുവുമായ കെ.കെ.കൃഷ്ണൻകുട്ടിപുലവരും അദ്ദേഹത്തിന്റെ അച്ഛനും മുത്തച്ഛനും നിഴൽപാവകൂത്തുകലാകാരന്മാരായിരുന്നു.രാമകഥാഖ്യാനങ്ങൾ യേശുവിന്റെ കഥയെ ആസ്പദമാക്കി മിശിഹാ ചരിതവും, മാലിന്യ മുക്ത കേരള വും മതമൈത്രിയും ഗാന്ധിചരിതവും, ഒഥല്ലോയുമൊക്കെ പാവക്കൂത്ത് രൂപത്തിൽ രാമചന്ദ്ര പൂലവർ അരങ്ങിലെത്തിച്ചു.

രാത്രി പത്തു മണി മുതൽ വെളുപ്പിന് അഞ്ചു മണി വരെ നീളുന്ന ഈ കലാരൂപംകാണുന്നവരുടെഎണ്ണവുംഇപ്പോൾ കുറഞ്ഞുവരുകയാണ്. പാവകൂത്ത് കലാകാരന്മാർക്കിടയിൽ നിലനിൽക്കുന്ന അന്ധവിശ്വാസവും ഈ കലയ്ക്കു വിനയായിരിക്കുകയാണ്. ക്ഷേത്രാങ്കണത്തിനു പുറത്ത് കൂത്തവതരിപ്പിച്ചാൽ ദേവീകോപമുണ്ടാ കുമെന്ന ഭയമാണ് ഒന്ന്. സ്ത്രീകൾ ക്ഷേത്രത്തിൽ കൂത്തവതരിപ്പിക്കുന്നതിനുള്ള വിലക്കാണ് മറ്റൊന്ന്. പാവകളിയെ ക്കുറിച്ച് അറിയാനും പഠിക്കാനും വിദേശികളടക്കമുള്ള നിരവധി ഗവേഷകർ രാമചന്ദ്ര പുലവരുടെ കൃഷ്ണൻകുട്ടി പുലവർ മെമ്മോറിയൽ തോൽപ്പാവകൂത്ത് ഇൻസ്റ്റിറ്റ്യൂട്ടിൽ വരുന്നുണ്ട്. പാവകളികലാകാരന്മാരാണെങ്കിലും പാവകൾ ഉണ്ടാക്കി വിറ്റാണ് ഇപ്പോൾ ജീവിക്കാനുള്ള പണം കണ്ടെത്തുന്നത്. ഇതിന് ഭാര്യ രാജലക്ഷ്മിയും മക്കളും സഹായിക്കും. കലാരംഗത്തെ മികവിന് നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹം നേടിയിട്ടുണ്ട്. കേരള ഫോക്‌ലോർ അക്കാദമി പുരസ്കാരം, അംബേദ്കർ ഫെല്ലോഷിപ്പ്, തായ്‌ലന്റിലെ പാത്തുംവാൻ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം എന്നിവ അവയിൽ ചിലതാണ്. പാവകൂത്തുമായി ബന്ധപ്പെട്ട ഓലഗ്രന്ഥങ്ങളും അനുബന്ധ ഉപകരണങ്ങളും സൂക്ഷിക്കാൻ ഒരു ഗ്രന്ഥശാലയോ മ്യൂസിയമോ ഉണ്ടാക്കണമെന്ന ഒരാഗ്രഹം കൂടിയുണ്ട് രാമചന്ദ്ര പുലവർക്ക്.

# ജീവിക്കാതെ മരിക്കുന്നവർക്കു വേണ്ടി

വിദ്യ വിജയകുമാർ

നിറം കെട്ടുപോയ ജിഷയുടെ ജീവിതത്തെ സ്മരിച്ച് നിറം വാരി വിതറി വരയിലൂടെ പ്രതികരിക്കുകയാണ് ചിത്രകാരൻ പാരിസ് മോഹൻകുമാർ. ലോകത്തിലെ ശ്രദ്ധേയരായ ചിത്രകാരന്മാരിൽ ഒരാളായി 1998 ൽ യുനെസ്കോ മോഹൻകുമാറിനെ തിരഞ്ഞെടുത്തിരുന്നു. ഫോർട്ട് കൊച്ചി ഡേവിഡ് ഹാൾ ആർട്ട് ഗാലറിയിൽ ആരംഭിച്ച അദ്ദേഹത്തിന്റെ ചിത്രപ്രദർശനത്തിലാണ് സ്ത്രീ പ്രാധാന്യമുള്ള ചിത്രങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

പെരുമ്പാവൂരിൽ കൊലചെയ്യപ്പെട്ട നിയമ വിദ്യാർത്ഥിനി ജിഷയ്ക്ക് നീതിലഭിക്കാൻയുവതലമുറ ഫേസ്ബുക്കിലൂടെയും വാട്സ്ആപ്പിലൂടെയും മാധ്യമങ്ങൾ ചർച്ചകളിലൂടെയും സാമൂഹിക പ്രവർത്തകർ പ്രക്ഷോഭങ്ങളിലൂടെയും പ്രതിഷേധിക്കുമ്പോൾ ഈ ചിത്രകാരൻ വേറിട്ട വഴിയിലൂടെ ജിഷയ്ക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയാണ്.

ഇന്നത്തെ ലോകത്ത് സ്ത്രീ പാർക്കിലും ബസ്സ്റ്റാന്റിലും മാത്രമല്ല സ്വന്തം വീടുകളിൽ പോലും സുരക്ഷിതയല്ല. തനിച്ച് യാത്ര ചെയ്യാനും പ്രകൃതി ഭംഗി ആസ്വദിക്കാനും സ്ത്രീക്ക് സാധ്യമല്ല. ഇങ്ങനെയൊരു ലോകത്ത് രാത്രി തനിച്ചിരുന്ന് നിലാവെളിച്ചം ആസ്വദിക്കുന്ന സ്ത്രീയെയാണ് മൂൺലൈറ്റ് എന്ന ചിത്രത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സമൂഹം നൽകേണ്ട സ്ത്രീ സുരക്ഷ എന്ന ആശയംതന്റെ ചിത്രരചനയിലൂടെ സാക്ഷാത്കരി ക്കുകയാണ് ചിത്രകാരൻ ഇവിടെ.

മോഹൻകുമാർ ചിത്രകാരൻ മാത്രമല്ല പരിസ്ഥിതി പ്രവർത്തകൻ കൂടിയാണ്. വനത്തിനോട് ചേർന്ന് താമസിക്കുക, താമസിക്കുന്നിടത്ത് വനത്തെ കൊണ്ട് വരിക എന്നതാണ്



പാരിസ് മോഹൻകുമാർ

അദ്ദേഹത്തിന്റെ ആപ്തവാക്യം സാമൂഹിക വിഷയങ്ങളിൽ എല്ലാം തന്റെ ചിത്രങ്ങളിലൂടെ പ്രതികരിക്കുന്ന മോഹൻ കുമാർ പ്രകൃതിയാണ് തന്റെ മാതാവ് എന്ന് കരുതുന്നു. ഒരു അമ്മയുടെ സ്നേഹവും കരുതലും പ്രകൃതി എപ്പോഴും നമുക്ക് തരുന്നുണ്ട് എന്ന് അദ്ദേഹം വിശ്വസിക്കുന്നു.







മോഹൻ കുമാറിന്റെ പ്രശസ്തമായ ചില ചിത്രങ്ങൾ

# ചില മിനിസ്ക്രീൻ ചിന്തകൾ




അഭിലാഷ് സുധീഷ്
വിഷ്ണു

ഒരു കാലത്ത് സിനിമ പ്രേമികൾ ആവേശത്തോടെ ഉറ്റു നോക്കിയിരുന്ന ഹോളിവുഡ് സിനിമാ ലോകത്ത് ഇന്ന് റീബൂട്ടുകളുടെയും തുടർക്കഥകളുടെയും കുത്തൊഴുക്കാണ്. 2016 മുതൽ 2020 വരെ 140 സിനിമകൾ അവയുടെ റീമേക്കിനായും 249 സിനിമകൾ അവയുടെ രണ്ടാം ഭാഗത്തിനായും കാത്തിരിക്കുകയാണ്. അതായത് ലോകത്തെ ഏറ്റവും മികച്ച സാങ്കേതിക വിദഗ്ദർ എന്ന് കരുതപ്പെടുന്നഹോളിവുഡ് ചലച്ചിത്ര നിർമാതാക്കൾ ഇന്ന് അവരുടെ ശ്രദ്ധകേന്ദ്രീകരിക്കുന്നത് പഴയ വീഞ്ഞിനെ പുതിയ കുപ്പിയിൽ ആക്കുവാൻ വേണ്ടി മാത്രമാണ്.

വ്യത്യസ്തമായ ഒരുപാട് കഥാതന്തുക്കളും മഹത്തായ പല കഥാപാത്രങ്ങളെയും സൃഷ്ടിച്ച ഹോളിവുഡ് ഇന്ന് അതിന്റെഓർമയിൽ മാത്രമാണ് ജീവിക്കുന്നത്. ബ്ലോക്ക് ബസ്റ്ററുകളിൽമാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്ന ആ സിനിമാ പ്രപഞ്ചം ഇന്നൊരു അസ്തമയഘട്ടത്തിലാണ് എന്ന് ആരോപിച്ചാൽ അതിൽ വലിയ അത്ഭുതം ഒന്നുമില്ല.ഈ അപകട ഘട്ടത്തിൽ സിനിമ എന്ന മാധ്യമത്തിൽ നിന്ന് പ്രേക്ഷകർ മറ്റുദൃശ്യമാധ്യമങ്ങളിലേയ്ക്ക് ചേക്കേറുകയാണ്.

കാണികൾ അവരുടെ ലോകം പ്രദർശനശാലകളിൽ നിന്ന് സ്വന്തം വീടുകളിലേക്ക് ചുരുക്കി.ഇതിനു കാരണമായത് സിനിമയേക്കാൾ നിലവാരം പുലർത്തുന്ന ടെലിവിഷൻ പരമ്പരകളാണ്.

ആദ്യ കാലങ്ങളിൽ സോപ്പ് ഒപേറകൾ എന്ന പേരിൽ സംപ്രേക്ഷണം ചെയ്തിരുന്ന കുടുംബകഥകളിൽ നിന്നും 80 കളിലും 90 കളിലും പ്രേക്ഷകരെ പൊട്ടിചിരിപ്പിച്ചിരുന്ന സിട്കോമിലേക്കുള്ള ടെലിവിഷൻ പരമ്പരകളുടെ പരിണാമം മന്ദഗതിയിലുള്ളതായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അങ്ങനെ അല്ല. ഫാന്റസി, ത്രില്ലെർ, സയൻസ് ഫിക്ഷൻ തുടങ്ങിയ എല്ലാ വിഭാഗത്തിലേക്കും ടെലിവിഷൻ പരമ്പരകൾ വളർന്നിരിക്കുന്നു. ഇതേ തരത്തിലുള്ള മുൻനിര സിനിമകളെക്കാൾ ഇവ നിലവാരം പുലർത്തുകയും ചെയ്യുന്നു.

## ബ്രേക്കിംഗ് ബാഡ്

അമേരിക്കയിൽ മയക്കുമരുന്ന് ഉപയോഗത്തെ നിയമപരമാക്കണം എന്നതിനെ ചൊല്ലി വിവാദങ്ങൾ അരങ്ങേറുന്നതിനിടയിലാണ് കാൻസർ ബാധിതനായ വാൾട്ടെർ വൈറ്റിന്റെ കഥ പറഞ്ഞ ബ്രേക്കിംഗ് ബാഡ് എ.എം.സി ചാനലിൽ സംപ്രേക്ഷണം ആരംഭിക്കുന്നത്. ന്യൂ മെക്സിക്കോയിലെ മയക്കുമരുന്ന് ഇടപാടുകളുടെ പശ്ചാത്തലത്തിലാണ്വിൻസ് ഗിലിഗൻ ഈ പരമ്പര ഒരുക്കിയത്. മയക്കു മരുന്ന് ഇടപാടുകളെ മഹത്വവൽക്കരിച്ചു കാണിക്കുന്നു എന്ന പേരിൽ ഈ പരമ്പര ധാരാളം വിവാദങ്ങൾ നേരിട്ടിരുന്നു.എന്നാൽ പരമ്പരയുടെ അവ സാന ഭാഗങ്ങളിൽ നായകന്റെ അതിദാരുണമായ അധ:പതനമാണ് ഇതിൽ കാണാൻ കഴിയുന്നത്.

ഏകദേശം 10 വർഷത്തോളം സംപ്രേക്ഷണം ചെയ്തിരുന്ന 'ബ്രേക്കിംഗ് ബാഡ്' അമേരിക്കയിൽ പല സാമൂഹിക മാറ്റങ്ങൾക്കും വഴിവച്ചു. സംപ്രേക്ഷണ കാലയളവിൽ തന്നെ കോടികണക്കിനാരാധകർ ഉണ്ടായിരുന്ന ഈ പരമ്പര ഇന്നും ഇന്റർനെറ്റ് മുഖേന കാണുന്നത് ലക്ഷകണക്കിന് ആളുകളാണ്. ടെലിവിഷൻ പരമ്പരകളുടെ ജനപ്രീതിക്ക് ഇതിനെക്കാൾ വലിയ ഉദാഹരണം എടുത്തുകാട്ടാനില്ല.

## ഗെയിം ഓഫ് ത്രോൺസ്

ഇത് പോലെ തന്നെയാണ് ജോർജ് മാർടിന്റെ ''ദി സോങ്ങ് ഓഫ് ഐസ് ആന്റ് ഫയറി'നെ ആസ്പദമാക്കി ഡി.ബി വെസ്സും ഡേവിഡ്ബെനോഫും ചേർന്നൊരുക്കിയ ഗെയിം ഓഫ് ത്രോൺസ് എന്ന പരമ്പര. ഇതുവരെ ഈ പരമ്പരയുടെ 6 സീസണുകളാണ് പുറത്തു വന്നിട്ടുള്ളത്.ഏകദേശം 5കോടി ആളുകളാണ് ഇത് നിയമവിരുദ്ധമായി ഡൗൺലോഡ് ചെയ്തു കാണുന്നത് എന്നാണ് എഫ്.ബി.ഐ യുടെ കണ്ടെത്തൽ. എച്ച്.ബി.ഒ നിർമ്മിക്കുന്ന ഈ പരമ്പര ചില സെൻസർ നിയന്ത്രണങ്ങൾ കാരണം കഴിഞ്ഞ വർഷം വരെ ഇന്ത്യയിൽ സംപ്രേക്ഷണം ചെയ്തിരുന്നില്ല.അതുകൊണ്ട് തന്നെ നിയമവിരുദ്ധമായി ഈ പരമ്പര കാണുന്നവരിൽ ഭൂരിഭാഗവും ഇന്ത്യക്കാരാണ്. ഇന്ത്യൻ സിനിമാ വിപണിയിലെ വിപുലമായ സാധ്യതകൾ പാശ്ചാത്യ സിനിമാ -ടെലിവിഷൻ നിർമാതാക്കൾ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. ഇതുകൊണ്ട് തന്നെയാണ് ഇന്ത്യൻ സെൻസർ നിയമങ്ങൾ പാലിച്ചുകൊണ്ട് ഇത് നമ്മുടെ രാജ്യത്തു പ്രദർശിപ്പിക്കാൻ എച്ച്.ബി.ഒ നിർബന്ധിതരായതും. ഇന്ത്യൻ ടെലിവിഷൻ ലോകം കാലത്തിനൊത്ത്മാറാത്തതും, പറഞ്ഞു മടുത്ത കഥരീതികളിൽ നിന്നും വ്യതിചലിക്കാൻ തയ്യാറാകാത്തതും ഈ കടന്നു കയറ്റത്തെ പ്രോൽസാഹിപ്പിക്കുന്നു.

സാമ്പത്തിക നേട്ടങ്ങൾ മാത്രം മുന്നിൽ കണ്ട് ഇന്ത്യൻപ്രേക്ഷക സമൂഹത്തിന്റെ നിലവാരം കുറച്ചു കാണുന്ന സിനിമ-സീരിയൽ നിർമ്മാതാക്കൾ മാറിചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.വിശാലമായ രീതിയിൽ കഥകൾ അവതരിപ്പിക്കുവാനുള്ള ടെലിവിഷൻ പരമ്പരകളുടെ സാധ്യത ഹോളിവുഡ് ലോകം തിരിച്ചറിഞ്ഞു കഴിഞ്ഞു. ഈ മാറ്റത്തിന്റെ ചുവടു പിടിച്ചുകൊണ്ട് ചൈന, കൊറിയ ഉൾപ്പടെയുള്ള രാജ്യങ്ങളിലെ സിനിമ നിർമ്മാതാക്കൾ ടെലിവിഷൻ മേഖലയിൽ വിപ്ലവം സൃഷ്ടിക്കുകയാണ്. വളരെ പെട്ടന്ന് തന്നെ ഈ മാറ്റങ്ങൾ അംഗീകരിക്കുവാൻ തയ്യാറായില്ലെങ്കിൽ ഇന്ത്യൻടെലിവിഷൻ വിപണി ഇന്ത്യക്കാർക്ക് അന്യമായേക്കും.